## കേരള സർക്കാർ

### സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് - മലപ്പുറം ജില്ലയിലെ മങ്കട ഗ്രാമ പഞ്ചായത്തിന്റെ 2009-2010, 2010-2011 വർഷങ്ങളിലെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.11, 3.12 - ഓഡിറ്റ് തടസ്സത്തിനാധാരമായ ചെലവ് സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

### തദ്ദേശ സ്വയം ഭരണ (എ.ബി) വകുപ്പ്

സ.ഉ(സാ.ധാ) നം.2029/2016/ത.സ്വ.ഭ.വ തിരുവനന്തപുരം,തിയതി 29/06/2016

---

പരാമർശം : 1. മങ്കട ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 05.01.2015 – തിയതിയിലെ എ 1-5093/13(2) നമ്പർ കത്ത്

2. പഞ്ചായത്ത് ഡയറക്ടറുടെ 11.11.2015 – തിയതിയിലെ എം3/36221/15 നമ്പർ കത്ത്

3. സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 26.03.2016 – തിയതിയിലെ കെ.എസ്.എ-14122/പി.റ്റി3/15 നമ്പർ കത്ത്

### ഉത്തരവ്

മലപ്പുറം ജില്ലയിലെ മങ്കട ഗ്രാമ പഞ്ചായത്തിന്റെ 2009-2010, 2010-2011 വർഷങ്ങളിലെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.11, 3.12 പ്രകാരം, റോഡിതര മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് പുതിയ കെട്ടിടങ്ങളുടെ നിർമ്മാണം നടത്താൻ വ്യവസ്ഥയില്ലെന്നിരിക്കെ പഴയ അംഗൻവാടി കെട്ടിടം പൊളിച്ച് പുതിയത് നിർമ്മിച്ച ഇനത്തിലുള്ള യഥാക്രമമുള്ള 2,19,488 രൂപാ, (രണ്ടു ലക്ഷത്തി പത്തൊൻപതിനായിരത്തി നാനൂറ്റിയെൺപത്തിയെട്ട് രൂപാ മാത്രം) 3,82,947 രൂപാ( മൂന്നു ലക്ഷത്തി എൺപത്തിരണ്ടായിരത്തി തൊള്ളായിരത്തി നാൽപത്തിയേഴ് രൂപാ മാത്രം) എന്നിവ ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നോ തനത് ഫണ്ടിൽ നിന്നോ മെയിന്റനൻസ് ഗ്രാന്റ് ഫണ്ടിലേക്ക് തിരികെ ഒടുക്കേണ്ടതാണെന്ന വ്യവസ്ഥയിൽ തടസ്സപ്പെടുത്തിയിരുന്നു. തനത് വരുമാനം വളരെ കുറവായതും പിന്നോക്കാവസ്ഥയിൽ നിൽക്കുന്നതും പട്ടികജാതി - വർഗ്ഗകുടുംബങ്ങൾ അധിവസിക്കുന്നതുമായ മങ്കട ഗ്രാമ പഞ്ചായത്തിന്റെ പ്രത്യേകം സാഹചര്യം കണക്കിലെടുത്തും ടി പ്രവൃത്തി മൂലം പഞ്ചായത്തിന് സാമ്പത്തിക നഷ്ടമുണ്ടായിട്ടില്ലാത്തതിനാലും ഓഡിറ്റ് തടസ്സവാദം ഒഴിവാക്കി നൽകുവാൻ സൂചന ഒന്ന് കത്ത് പ്രകാരം മങ്കട ഗ്രാമ പഞ്ചായത്ത് സെക്രട്ടറി അപേക്ഷിച്ചിട്ടുണ്ട്. പഞ്ചായത്ത് ഭരണ സമിതി, ജില്ലാ തല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി എന്നിവയും ഇതേ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. പഞ്ചായത്ത് ഭരണ സമിതി തീരുമാനം, ജില്ലാ തല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി തീരുമാനം എന്നിവ വ്യക്തമായ ശുപാർശ സഹിതം പരാമർശം രണ്ട് കത്ത് പ്രകാരം പഞ്ചായത്ത്

ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ മറുപടി കണക്കിലെടുത്ത് ഇക്കാര്യത്തിൽ സർക്കാരിന് യുക്തമായ തീരുമാനം കൈക്കൊള്ളാവുന്നതാണെന്ന് പരാമർശം മൂന്ന് കത്ത് പ്രകാരം കേരളാ സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് ഡയറക്ടർ അറിയിട്ടിട്ടുണ്ട്.

ഈ സാഹചര്യത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പഞ്ചായത്തിന്റെ മറുപടി, സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടറുടെ മറുപടി എന്നിവ കണക്കിലെടുത്ത് മലപ്പുറം ജില്ലയിലെ മങ്കട ഗ്രാമ പഞ്ചായത്ത് റോഡിതര മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് പഴയ അംഗൻവാടി കെട്ടിടം പൊളിച്ച് പുതിയത് നിർമ്മിച്ച ഇനത്തിൽ ആഡിറ്റ് തടസ്സപ്പെടുത്തിയ യഥാക്രമമുള്ള 2,19,488 രൂപാ, (രണ്ടു ലക്ഷത്തി പത്തൊാൻപതിനായിരത്തി നാനൂറ്റിയെൺപത്തിയെട്ട് രൂപാ മാത്രം) 3,82,947 രൂപാ( മൂന്നു ലക്ഷത്തി എൺപത്തിരണ്ടായിരത്തി തൊള്ളായിരത്തി നാൽപത്തിയേഴ് രൂപാ മാത്രം) എന്നിവ ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നോ തനത് ഫണ്ടിൽ നിന്നോ മെയിന്റനൻസ് ഗ്രാന്റ് ഫണ്ടിലേക്ക് തിരികെ ഒടുക്കേണ്ടതാണെന്ന വ്യവസ്ഥയോടു കൂടി സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു .

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
സിദ്ധാർത്ഥൻ.എസ്
ഡെപ്യൂട്ടിസെക്രട്ടറി.

കേരളാ സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം
സെക്രട്ടറി, മങ്കട ഗ്രാമ പഞ്ചായത്ത്, മലപ്പുറം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ